പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 679

04.04.2018-ൽ മറുപടിക്ക്

## റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ<br>,, പി.കെ. ശശി<br>,, വി. കെ. സി. മമ്മത് കോയ<br>,, കെ. ദാസൻ : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോയെന്നറിയിക്കാമോ; | (എ) ഉണ്ട്. |
| (ബി) അടിസ്ഥാന സൗകര്യവികസനം ലക്ഷ്യമാക്കി പ്രസ്തുത കോർപ്പറേഷൻ ഏതെല്ലാം തരത്തിലുള്ള ജോലികളാണ് ഏറ്റെടുത്ത് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ പ്രധാനമായും റെയിൽവേ മേൽപ്പാലങ്ങൾ , പുഴപ്പാലങ്ങൾ, ഫ്ളൈ ഓവറുകൾ, റോഡുകൾ, ബൈപ്പാസുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികളാണ് ഏറ്റെടുത്ത് നടപ്പാക്കി വരുന്നത്. സംസ്ഥാന സർക്കാർ കിഫ്ബി മുഖേന നടപ്പാക്കുന്ന ആർ.ഒ.ബികൾ, ഫ്ളൈ ഓവറുകൾ, ബൈപ്പാസുകൾ തുടങ്ങിയവയുടെ എസ്.പി.വി ആയി ആർ.ബി.സി.ഡി.കെ-യെ നിയമിച്ചിട്ടുണ്ട്. കൂടാതെ കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ കിഫ്ബി മുഖേന നടപ്പാക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണത്തിനുള്ള എസ്.പി.വി ആയും ആർ.ബി.സി.ഡി.കെ-യെ നിയമിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത കോർപ്പറേഷൻ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഏറ്റെടുത്ത മേൽപ്പാലങ്ങളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്ന തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ ? | (സി) കോർപ്പറേഷൻ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഏറ്റെടുത്ത മേൽപ്പാലങ്ങളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കി വരുന്നുണ്ട്. എന്നിരുന്നാലും ഭൂമി ഏറ്റെടുത്ത് കിട്ടുന്നതിലെ കാലതാമസവും കോടതി ഇടപെടലുകളും പദ്ധതി ബാധിതരുടെ എതിർപ്പ് മൂലവും ചില പദ്ധതികൾ പൂർത്തീകരിക്കുന്നതിന് താമസം നേരിടുന്നുണ്ട്. മേൽപ്പാലങ്ങളുടെ നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് റവന്യൂ ഡിപ്പാർട്ട്മെന്റും ജില്ലാ കളക്ടർമാരും നിരന്തരം ബന്ധപ്പെട്ട് ശ്രമങ്ങൾ നടത്തുന്നുണ്ട്. കൂടാതെ |

തണ്ണീർതടനിയമത്തിൽ ഇളവനുവദിക്കുന്നതിന് കൃഷി വകുപ്പുമായും നിരന്തരം ബന്ധപ്പെട്ട് അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്.

പദ്ധതികളുടെ ഡ്രോയിംഗും എസ്റ്റിമേറ്റിനും റെയിൽവേയിൽനിന്ന് അംഗീകാരം ലഭിക്കുന്നതിന് റെയിൽവേയുടെ കേരളത്തിലും മദ്രാസിലുമുള്ള ഓഫീസുകളുമായി കോ ഓർഡിനേറ്റ് ചെയ്ത് പരമാവധി വേഗത്തിൽ ലഭ്യമാക്കുന്നതിന് ശ്രമിക്കുന്നുണ്ട്.

കൂടാതെമേൽപ്പാലങ്ങളുടെ നിർമ്മാണം സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി ആർ.ബി.ഡി.സി.കെ തലത്തിൽ പദ്ധതി പുരോഗതി അവലോകന യോഗങ്ങൾ നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

റെയിൽവേ, റവന്യൂ, സ്വകാര്യ വസ്തു ഉടമകൾ, കേന്ദ്ര സർക്കാർ തുടങ്ങി വിവിധ ഘടകങ്ങളുടെ അനുവാദം തേടി മാത്രമെ പല പദ്ധതികളും നടപ്പിലാക്കാനാകൂ. അനുവാദം കിട്ടാനുള്ള കാലതാമസം പദ്ധതി പ്രവർത്തനത്തെ പലയിടങ്ങളിലും പ്രതികൂലമായി ബാധിക്കുന്നുമുണ്ട്.

S. Bindu

സെക്ഷൻ ഓഫീസർ